ഹരിതകേരളം മിഷൻ
കേരള സർക്കാർ

തീയതി:30.05.2018

# പത്രക്കുറിപ്പ്

## സർക്കാർ ഓഫീസുകളിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കാൻ സർവ്വീസ് സംഘടനകൾ നേതൃത്വം നൽകും

കേരളത്തിലെ സർക്കാർ ഓഫീസുകളിൽ ജൂൺ 5 ന് ആരംഭിക്കുന്ന ഹരിതപെരുമാറ്റച്ചട്ടത്തിന്റെയും അതിനു മുന്നോടിയായി ജൂൺ 2 ന് നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളുടെയും വിജയത്തിനും സർവ്വീസ് സംഘടനകൾ നേതൃത്വം നൽകും. ഹരിതകേരളം മിഷൻ എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമയുടെ അധ്യക്ഷതയിൽ ചേർന്ന സർവ്വീസ് സംഘടനകളുടെ യോഗത്തിലാണ് തീരുമാനം.

പകർച്ചപ്പനി പ്രതിരോധിക്കുന്നതിന് പൊതുസ്ഥലങ്ങളും വീടുകളും ശുചീകരിക്കുന്നതിനോടൊപ്പം സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ വൃത്തിയാക്കുന്നതിനും ഹരിത പെരുമാറ്റച്ചട്ടം സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിനും സഹായകരമായ നിരവധി നിർദ്ദേശങ്ങൾ സർവ്വീസ് സംഘടന ഭാരവാഹികൾ മുന്നോട്ടു വച്ചു. പൊതുപരിപാടികളിലും ചടങ്ങുകളിലും ഫ്ളക്സ് ബോർഡുകളും പ്ലാസ്റ്റിക് സാധനങ്ങളും ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന സാധനങ്ങളും ഒഴിവാക്കാനും ഉപയോഗമില്ലാത്ത ഫർണിച്ചറുകളും മറ്റു സാധന സാമഗ്രികളും ഓഫീസിൽ നിന്ന് നീക്കം ചെയ്യാനും ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു.

ഹരിതപെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഹരിതകേരളം മിഷൻ കൺസൾട്ടന്റ് (വേസ്റ്റ് മാനേജ്മെന്റ്) എൻ.ജഗജീവൻ അവതരിപ്പിച്ചു. സർക്കാർ -അർദ്ധ സർക്കാർ ജീവനക്കാരുടെ സംഘടനകളുടെ ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു. ഹരിതകേരളം മിഷൻ ടെക്നിക്കൽ ഓഫീസർ പി.അജയകുമാർ സ്വാഗതവും കൃഷി കൺസൾട്ടന്റ് എസ്.യു.സഞ്ജീവ് നന്ദിയും പറഞ്ഞു.

.

**ഒപ്പ്/**
**ഡോ.ടി.എൻ സീമ**
**എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**